# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T.6252 31.10.2011 ൽ മറുപടി പറയേണ്ടിരുന്നത്.

### പാൻമസാലകളുടെ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പാൻ മസാലകളുടെ അമിത ഉപയോഗംമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാൻമസാലയുടെ വിൽപ്പന നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) പാൻമസാലയുടെ വിൽപ്പന നിരോധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ '100' മീറ്റർ ചുറ്റളവിൽ പാൻമസാലയുടെ വിൽപ്പന നിരോധിച്ചുകൊണ്ടുള്ള നിയമം നിലനിൽക്കെ പ്രസ്തുത സ്ഥാപനങ്ങൾക്കരികിൽ വിൽപ്പന വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങളും ലഹരി വസ്തുക്കളും പിടിച്ചെടുത്ത് കേരള പോലീസ് ചട്ടം 118 ൽ (1) പ്രകാരം കേസ് രിജസ്റ്റർചെയ്ത് അന്വേഷണം നടത്തി വരുന്നു. ഇതോടൊപ്പം തന്നെ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ മഫ്ടിയിൽ വിന്യസിച്ച് വിദ്യാർത്ഥികൾക്കിടയിൽ നിന്നും മറ്റും വിവരം ശേഖരിക്കുന്നതിനും ഇത്തരം വിപത്തുകൾക്കെതിരെ ബന്ധപ്പെട്ടവരുമായി സഹകരിച്ച് ബോധവൽക്കരണം നടത്തുന്നതിനും ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ പാൻമസാലകളുടെ വിൽപ്പന നിരോധിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ്, പോലീസ്, എക്സൈസ്, പിറ്റി.എ, സ്കൂൾ അധികാരികൾ എന്നിവരുടെ സഹകരണത്തോടെ അവ പിടിച്ചെടുത്ത് നശിപ്പിക്കുകയും ഇത്തരം വസ്തുക്കളുടെ വിൽപ്പനക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്കൂളുകളിൽ "No tobacco Zone" എന്ന ബോർഡ് സ്ഥാപിക്കൽ, Student Police Cadet ന്റെ സേവനം പ്രയോജനപ്പെടുത്തൽ, പുകയില വിരുദ്ധ ക്ലബുകൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ ഇവയെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ പാൻമസാലകളുടെ വിപണനം തടയുന്നതിനായി സ്വീകരിച്ച നടപടികളാണ് . |
| (ഡി) | പ്രസ്തുത ഉല്പന്നങ്ങളുടെ ഉപയോഗവും വിപണനവും ഫലപ്രദമായി തടയുന്നതിന് നടപടി-സ്വീകരിക്കുമോ? | (ഡി) | ഇതിനോടകം തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പാൻമസാലകളുടെ ഉപയോഗം/ വിൽപ്പന നിരോധനം നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് വിവരം.

**കോർപ്പറേഷനുകൾ**

1. കൊച്ചി കോർപ്പറേഷൻ

**മുനിസിപ്പാലിറ്റികൾ**

1. നെയ്യാറ്റിൻകര
2. നെടുമങ്ങാട്
3. കരുനാഗപ്പള്ളി
4. ചേർത്തല
5. കോട്ടയം
6. ചങ്ങനാശ്ശേരി
7. തൊടുപുഴ
8. അങ്കമാലി
9. തൃപ്പൂണിത്തുറ
10. മരട്
11. കോതമംഗലം
12. കൊടുങ്ങല്ലൂർ
13. ചാലക്കുടി
14. ഇരിങ്ങാലക്കുട
15. ഒറ്റപ്പാലം
16. ചിറ്റൂർ തത്തമംഗലം
17. പെരിന്തൽമണ്ണ
18. മഞ്ചേരി
19. മലപ്പുറം
20. നിലമ്പൂർ
21. കൽപ്പറ്റ
22. കൊയിലാണ്ടി
23. കാസറഗോഡ്
24. നീലേശ്വരം

## ഗ്രാമ പഞ്ചായത്തുകൾ.

**കൊല്ലം**

1. തൃക്കടവൂർ
2. തൃക്കരുവ
3. കൊട്ടാരക്കര
4. കുന്നത്തൂർ
5. മൺറോത്തുരുത്ത്

**പത്തനംതിട്ട**

ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പാൻമസാല വിൽപ്പന നിരോധിച്ച് പ്രമേയം പാസ്സാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്.

**ആലപ്പുഴ.**

1. മാരാരിക്കുളം തെക്ക്

**കോട്ടയം**

1. എലിക്കുളം
2. അതിരമ്പുഴ
3. ടിവിപുരം
4. പുതുപ്പള്ളി
5. കല്ലറ

**ഇടുക്കി**

1. അടിമാലി
2. ആലക്കോട്
3. അറക്കുളം
4. അയ്യപ്പൻകോവിൽ
5. ബൈസൺവാലി
6. ദേവികുളം
7. ഇടവെട്ടി
8. കരിമണ്ണൂർ
9. കരിങ്കുന്നം
10. കട്ടപ്പന
11. കരുണാപുരം
12. കാമാക്ഷി
13. കോടിക്കുളം
14. കൊക്കയാർ
15. കൊന്നത്തടി
16. കുടയത്തൂർ
17. കുമളി
18. മാങ്കുളം
19. മൂന്നാർ
20. മരിയാപുരം
21. മുട്ടം
22. നെടുങ്കണ്ടം
23. പള്ളിവാസൽ
24. പാമ്പാടുംപാറ
25. പീരുമേട്
26. പെരുവന്താനം
27. പുറപ്പുഴ
28. രാജാക്കാട്
29. രാജകുമാരി
30. ഉടുമ്പൻചോല
31. ഉടുമ്പന്നൂർ
32. ഉപ്പുതറ
33. വണ്ടൻമേട്
34. വണ്ടിപ്പെരിയാർ
35. വണ്ണപ്പുറം
36. വാഴത്തോപ്പ്
37. വെള്ളത്തൂവൽ
38. വെള്ളിയാമറ്റം

**തൃശ്ശൂർ**

ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും പാൻമസാലകളുടെ വിൽപ്പ നിരോധിച്ചിട്ടുണ്ട്.

**പാലക്കാട്**

1. ആനക്കര
2. ചാലിശ്ശേരി
3. കൊപ്പം
4. പട്ടിത്തറ
5. തിരുമിറ്റക്കോട്
6. കുലുക്കല്ലൂർ
7. മുതുതല
8. പരുതൂർ
9. വിളയൂർ
10. നാഗലശ്ശേരി
11. തച്ചമ്പാറ
12. കൊഴിഞ്ഞാമ്പാറ
13. എലവഞ്ചേരി
14. ചളവറ
15. കിഴക്കഞ്ചേരി
16. കുഴൽമന്ദം
17. അകത്തേത്തറ
18. പറളി
19. മരുതറോഡ്
20. പെരുവെമ്പ്
21. എലപ്പുള്ളി
22. കണ്ണാടി
23. തേങ്കുറുശ്ശി
24. മലമ്പുഴ
25. കൊടുമ്പ്
26. മങ്കര
27. കോട്ടോപ്പാടം
28. കാഞ്ഞിരപ്പുഴ
29. കരിമ്പ
30. തെങ്കര

**മലപ്പുറം**

ചോക്കാട്, ഏലംകുളം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിലെ 100 മീറ്റർ ചുറ്റളവിലും എടപ്പറ്റ,ആനക്കയം,വേങ്ങര എന്നീ ഗ്രാമ പഞ്ചായത്തുകൾ ഒഴികെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പാൻമസാല നിരോധനം നടപ്പിലാക്കിയിട്ടുണ്ട്.

**കോഴിക്കോട്**

എടച്ചേരി,കൊടിയത്തൂർ,കുന്ദമംഗലം,ചോറോട് എന്നീ ഗ്രാമ പഞ്ചായത്തുകൾ ഒഴികെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പാൻമസാല നിരോധനം നടപ്പിലാക്കിയിട്ടുണ്ട്.

## കണ്ണൂർ

1. എരഞ്ഞോളി
2. പെരിങ്ങളം
3. ചൊക്ലി
4. കുന്നോത്തുപറമ്പ്
5. പാനൂർ
6. പന്ന്യന്നൂർ
7. മാങ്ങാട്ടിടം
8. പാട്യം
9. തൃപ്രങ്ങോട്ടൂർ
10. കരിയാട്
11. കീഴല്ലൂർ,
12. മുഴക്കുന്ന്
13. കൊട്ടിയൂർ
14. ഉളിക്കൽ
15. കേളകം
16. കോളയാട്
17. ചിറയ്ക്കൽ
18. പള്ളിക്കുന്ന്
19. വളപട്ടണം
20. അഴീക്കോട്
21. എടയ്ക്കാട്
22. പെരളശ്ശേരി
23. പാപ്പിനിശ്ശേരി
24. മലപ്പട്ടം
25. ഉദയഗിരി
26. പയ്യാവൂർ
27. നാറാത്ത്
28. ശ്രീകണ്ഠപുരം
29. കുറുമാത്തൂർ
30. നടുവിൽ
31. ആലക്കോട്
32. എരുവേശി
33. ചെറുപുഴ
34. കാങ്കോൽ
35. ആലപ്പടമ്പ
36. പെരിങ്ങോം-വയക്കര
37. കണ്ണപുരം
38. കുഞ്ഞിമംഗലം
39. പരിയാരം
40. ചെറുതാഴം
41. പട്ടുവം
42. എരമംകുറ്റൂർ
43. മാട്ടൂൽ
44. ചെറുകുന്ന്
45. കരിവെള്ളൂർ
46. പെരളം
47. ഏഴോം

## കാസറഗോഡ്

1. ബേഡഡുക്ക
2. ബദിയടുക്ക
3. ഈസ്റ്റ്-എളേരി
4. എൻമകജെ
5. കള്ളാർ
6. കയ്യൂർ-ചീമേനി
7. കിനാനൂർ-കരിന്തളം
8. കോടോം-ബേളൂർ
9. കുമ്പഡാജെ
10. കുറ്റിക്കോൽ
11. മടിക്കൈ
12. മൊഗ്രാൽ-പുത്തൂർ
13. പള്ളിക്കര
14. തൃക്കരിപ്പൂർ
15. വലിയപറമ്പ
16. ഉദുമ

വയനാട് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പാൻമസാല വിൽപ്പന നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയെ പൂർണ്ണമായും പുകയില വിമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ